155 (1699) പുതിയ വൈദ്യുതി കണക്ഷനുകൾ ലഭിക്കുന്നതിനുള്ള കാലതാമസം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് പോസ്റ്റിന്റെ ദൗർലഭ്യം മൂലം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാൻ കാലതാമസം വരുന്നുണ്ടോ;

(ബി) വൈദ്യുതി ബോർഡിന്റെ ആവശ്യത്തിന് ഇലക്ട്രിക് പോസ്റ്റുകൾ ലഭ്യമാക്കുന്നതിന് ഇപ്പോൾ നിലവിലുള്ള സംവിധാനം എന്താണ്;

(സി) പ്രതിവർഷം ആവശ്യമായി വരുന്ന പോസ്റ്റുകളുടെ എണ്ണത്തിന് അനുസരിച്ച് അവ നിർമ്മിച്ച് നൽകാൻ ഇപ്പോൾ നിലവിലുള്ള സംവിധാനം ഫലപ്രദമാണോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ചെറിയ തോതിൽ കാലതാമസം വരുന്നുണ്ട്.

(ബി) കേരളത്തിൽ നിലവിലുള്ള 12 പോൾ കാസ്റ്റിംഗ് യാർഡുകളിൽനിന്നുമാണ് ബോർഡിനാവശ്യമായ കോൺക്രീറ്റ് പോസ്റ്റുകൾ ലഭിക്കുന്നത്. ഈ കാസ്റ്റിംഗ് യാർഡുകളിൽ 10 എണ്ണം സ്വകാര്യ കരാറുകാരുടെയും രണ്ടെണ്ണം ബോർഡിന്റെ സ്വന്തവുമാണ്. ബോർഡിനാവശ്യമായ കോൺക്രീറ്റ് പോസ്റ്റ് ലഭിക്കുന്നതിലേക്കായി സ്വകാര്യകരാറുകാരുമായി വിവിധതരം കോൺക്രീറ്റ് പോസ്റ്റുകൾ, ബോർഡിലെ എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ നിർമ്മിച്ച് നിർദ്ദിഷ്ട സ്ഥലങ്ങളിൽ എത്തിക്കുന്നതിലേയ്ക്ക് ബോർഡ് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. പോസ്റ്റ് നിർമ്മിക്കുന്നതിനാവശ്യമായ കമ്പിയും സിമന്റും ബോർഡ് കരാറുകാർക്ക് നൽകുന്നു. ഈ കരാറുകാരിൽനിന്നും ലഭിക്കുന്ന പോസ്റ്റുകൾ ആണ് ബോർഡിന്റെ ആവശ്യത്തിന് ഇപ്പോൾ ഉപയോഗിക്കുന്നത്.

(സി) നിലവിലുള്ള പല കരാറുകളും അവസാനിച്ചപ്പോൾ ബോർഡിന് ആവശ്യമായ കോൺക്രീറ്റ് പോസ്റ്റുകൾ നിർമ്മിക്കുന്നതിനായി 4/98-ൽ ബോർഡ് കരാർ ക്ഷണിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഈ ടെൻഡറുകൾ 1/99-ൽ ബോർഡ് റദ്ദാക്കി. കൂടാതെ 1998-99 വർഷത്തേക്ക് ജനകീയാസൂത്രണപദ്ധതിക്കാവശ്യമായ കോൺക്രീറ്റ് പോസ്റ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വാർത്ത് നൽകണമെന്നായിരുന്നു ബോർഡ് തീരുമാനം. ഈ സംരംഭം വിജയിക്കാതെ വന്നപ്പോൾ 1999 ഫെബ്രുവരി അവസാനമാണ് ഈ പദ്ധതിക്കാവശ്യമായ കോൺക്രീറ്റ് പോസ്റ്റുകൾ ബോർഡുതന്നെ നിർമ്മിച്ച് നൽകണമെന്ന തീരുമാനം ഗവൺമെന്റ് തലത്തിലും ബോർഡ് തലത്തിലും ഉണ്ടായത്. ഈ കാരണങ്ങളാൽ കഴിഞ്ഞ രണ്ട് മാസങ്ങളിൽ കോൺക്രീറ്റ് പോസ്റ്റിന് അല്പം ദൗർലഭ്യം നേരിട്ടു. അടുത്ത മൂന്ന് വർഷത്തേയ്ക്ക് വിവിധ ഇലക്ട്രിക്കൽ സർക്കിളുകളിൽ ആവശ്യമായ കോൺക്രീറ്റ് പോസ്റ്റുകൾ നിർമ്മിച്ച് നൽകുന്നതിലേയ്ക്കായി ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. ആവശ്യമായ പോസ്റ്റുകൾ ലഭിക്കുന്നതിന് നിലവിലുള്ള സംവിധാനം ഫലപ്രദമാണ്.

LIBRARY ARCHIVES Kerala Legislative Assembly